2005 മേയ് 31 വരെ സംസ്ഥാനത്ത് നടന്ന മോഷണങ്ങൾ

126 [82] *ശ്രീ. മത്തായി ചാക്കോ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) യു. ഡി. എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2005 മേയ് 31 വരെ സംസ്ഥാനത്ത് എത്ര മോഷണങ്ങൾ നടന്നിട്ടുണ്ട്;

(ബി) ഇതു സംബന്ധിച്ച് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; ഇല്ല എങ്കിൽ അതിനുള്ള കാരണമെന്ത്;

(സി) കച്ചവട സ്ഥാപനങ്ങൾ, വീടുകൾ, സഹകരണ സ്ഥാപനങ്ങൾ, ബാങ്കുകൾ തുടങ്ങിയവയിൽ നിന്ന് ഇതേ കാലയളവിൽ എന്ത് തുകയുടെ മോഷണങ്ങൾ നടന്നിട്ടുണ്ട്;

(ഡി) ഇതു സംബന്ധിച്ച് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(ഇ) ഏതൊക്കെ കേസുകളിൽ പ്രതികളെ അറസ്റ്റു ചെയ്തു?

ഉത്തരം

(എ) (ഇ) വിവരം ശേഖരിച്ചുനൽകുന്നതാണ്.

സംസ്ഥാനത്ത് നടന്നിട്ടുള്ള ബാങ്കിച്ചാർജ്

127 [83] *ശ്രീ. മത്തായി ചാക്കോ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കഴിഞ്ഞ അഞ്ചു മാസത്തിനിടയിൽ എത്ര ബാങ്കിച്ചാർജ് നടന്നിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഈ ഏതൊക്കെ പ്രശ്നങ്ങളുമായി ബന്ധപ്പെട്ടാണ്;

(സി) ഇതേ കാലയളവിൽ വിദ്യാർത്ഥികളുടെ നേരെ എത്ര ബാങ്കിച്ചാർജ് നടന്നിട്ടുണ്ട്; ഇതിൽ എത്ര വിദ്യാർത്ഥി- വിദ്യാർത്ഥിനികൾക്ക് പരിക്ക് പറ്റിയിട്ടുണ്ട്;

(ഡി) പത്ര-മാധ്യമ പ്രവർത്തകർക്കുനേരെ എത്ര ബാങ്കിച്ചാർജ് നടന്നിട്ടുണ്ട്; ഇതിൽ എത്ര പേർക്ക് പരിക്ക് പറ്റിയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് കഴിഞ്ഞ അഞ്ചു മാസത്തിനിടയിൽ (1-1-2005 മുതൽ 31-5-2005 വരെ) ബാങ്കിച്ചാർജ് നടന്നിട്ടില്ല.

(ബി) (ഡി) ഉത്തരം 'എ'-യുടെ അടിസ്ഥാനത്തിൽ ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly